തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവകലാശാല
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502 ഫോൺ : 0494 2631230

സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - മൂന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ നഷ്ടപ്പെട്ടതുമൂലം ഇന്റേണൽ പരീക്ഷകൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നാലാം സെമസ്റ്ററിലേക്ക് ഉപാധികളോടെ പ്രവേശനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പരീക്ഷാവിഭാഗം

നം: 126/2019/പി. വി. തിരൂർ: 25/11/2020

പരാമർശം :
i. 24.09.2020ന് ഇതേ നമ്പർ സർവകലാശാല ഉത്തരവ്.
ii. 20.11.2020 ന് മാധ്യമപഠന വിഭാഗം വിദ്യാർത്ഥികളായ ശ്രീ റിതിക്.ടിയും, അതുല്യ.കെ.ആർ എന്നിവർ സമർപ്പിച്ച അപേക്ഷ.
iii. 24.11.2020ന് മാധ്യമപഠന വകുപ്പ് അദ്ധ്യക്ഷൻ നൽകിയ കത്ത്.
iv. 25.11.2020ന് ബഹു. വൈസ്ചാൻസലറുടെ ഇതേ നമ്പർ ഫയലിലെ ഉത്തരവ്.

## ഉത്തരവ്

കോവിഡ് 19 മഹാമാരിയുടെ പാശ്ചാത്തലത്തിൽ പരാമർശം (1) പ്രകാരം സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ഇന്റേണൽ പരീക്ഷകൾ മാത്രം നടത്തി നാലാം സെമസ്റ്ററിലേക്ക് പ്രവേശനം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2020 നവംബർ 15ന് മൂന്നാം സെമസ്റ്റർ ക്ലാസ്സുകൾ അവസാനിക്കുകയും നാലാം സെമസ്റ്റർ ആരംഭിക്കുകയും ചെയ്തു.

പരാമർശം (2) പ്രകാരം മാധ്യമപഠന വകുപ്പിലെ രണ്ട് വിദ്യാർത്ഥികൾ ഇന്റർനെറ്റിന്റെ ലഭ്യതക്കുറവും കോവിഡ് അനുബന്ധ ലോക്ഡൗൺ പ്രശ്നങ്ങളും കുടുംബാംഗത്തിന് കോവിഡ് ബാധിച്ചതുമായി ബന്ധപ്പെട്ട് ക്വാറന്റിനിൽ പോകേണ്ടി വന്ന സാഹചര്യവും എല്ലാ വിശദീകരിച്ച് മൂന്നാം സെമസ്റ്ററിന്റെ ഇന്റേണൽ നിശ്ചിത സമയത്ത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ ഒരു അവസരം കൂടി അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

പരാമർശം (3) പ്രകാരം ടി. വിദ്യാർത്ഥികളുടെ അപേക്ഷയിൽ മാധ്യമപഠന വകുപ്പ് അദ്ധ്യക്ഷൻ നൽകിയ അഭിപ്രായം നിലവിലെചട്ടങ്ങൾ അനുസരിച്ച് വിദ്യാർത്ഥികളുടെ ആവശ്യം അംഗീകരിക്കാൻ സാധ്യമല്ലാത്തതാണെങ്കിലും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഉന്നയിച്ച പരാധീനതകൾ കണക്കിലെടുത്ത് അവർക്ക് ലഭിക്കാതെ പോയ ക്ലാസ്സുകൾ ലഭ്യമാക്കാൻ സർവകലാശാലയിലെ ചട്ടങ്ങൾ അനുസരിച്ച് ഒരു നിർദേശം നൽകിയാൽ പഠനവകുപ്പ് അത് സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരുന്നു.

വിദ്യാർത്ഥികളുടെ അപേക്ഷയും പഠനവകുപ്പ് അദ്ധ്യക്ഷന്റെ അഭിപ്രായവും നിലവിലെ കോവിഡ് പ്രതിസന്ധിയും പരിഗണിച്ച് പരാമർശം (4) പ്രകാരം ബഹു. വൈസ്ചാൻസലർ മാധ്യമപഠന വിഭാഗത്തിലെ റിതിക്. ടി, അതുല്യ. കെ. ആർ എന്നീ വിദ്യാർത്ഥികളെ നാലാം സെമസ്റ്ററിലേക്ക് സോപാധികം (Provisional) പ്രവേശനം നൽകി നാലാം സെമസ്റ്റർ പൂർത്തീകരിക്കാനും മൂന്നാം സെമസ്റ്ററിന്റെ ഇന്റേണൽ ഘടകങ്ങളെല്ലാം പിന്നീട് പൂർത്തീകരിച്ച് യോഗ്യത നേടേണ്ടതാണെന്ന ഉപാധിയോടെ പഠനം തുടരാൻ അനുമതി നൽകുകയും ചെയ്തു.

അതോടൊപ്പം കോവിഡ് മഹാമാരിയുടെ പാശ്ചാത്തലത്തിൽ ഇപ്രകാരം ക്ലാസ്സുകൾ നഷ്ടപ്പെട്ട് പ്രമോഷൻ ലഭിക്കാത്ത മറ്റു പഠനവകുപ്പുകളിലെ വിദ്യാർത്ഥികൾക്കും ഈ പ്രത്യേക ആനുകൂല്യത്തിന്റെ പരിഗണന ലഭിക്കുന്നതാണെന്നും വൈസ്ചാൻസലർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ ബഹു. വൈസ്ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവകലാശാലയിലെ മൂന്നാം സെമസ്റ്റർ പിജി വിദ്യാർത്ഥികളിൽ ഇന്റേണൽ പൂർത്തീകരിച്ച് നാലാം സെമസ്റ്ററിലേക്ക് പ്രമോഷൻ നേടാൻ കഴിയാതെ പോയ മുഴുവൻ വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരീക്ഷാകൺട്രോളർ

പകർപ്പ്:

എല്ലാ പഠന വകുപ്പ് അദ്ധ്യക്ഷന്മാർക്കും
ശ്രീ.റിതിക്. ടി
കുമാരി. അതുല്യ. കെ.ആർ
വൈസ് ചാൻസലറുടെ കാര്യാലയം
രജിസ്ട്രാറുടെ കാര്യാലയം
ഫയൽകോപ്പി, കരുതൽരേഖ